# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **455**

**02.12.2014**- ലെ മറുപടിക്ക്

**സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മില്ലുകളുടെ നവീകരണത്തിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയോടനുബന്ധിച്ച് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അരിമില്ലുകൾ സംസ്ഥാന പദ്ധതി/ എൻ.സി.ഡി.സി. പദ്ധതിയിലുൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. അരിമില്ലിന്റെ നവീകരണത്തിനായി തൃശ്ശൂർ ജില്ലയിൽ നിന്നും 816 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പ്രസ്തുത മില്ലുകളുടെ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനും സാമ്പത്തിക ബാധ്യതകൾ തീർക്കുന്നതിനും സർക്കാർ എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) ഓഹരി മൂലധനം, വായ്പ സബ്സിഡി എന്നീ ഇനങ്ങളിലാണ് ധനസഹായം അനുവദിക്കുന്നത്. സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മകമായി ഇടപെടുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ( സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ഇത്തരം മില്ലുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള പരാതികളിൽ യഥാസമയം പരിഹാരം കാണുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ? | (ഡി) പരാതികൾ ലഭിച്ചാൽ യഥാസമയം നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**